# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2455** **12.03.2020 ലെ മറുപടി**

## കാസർഗോഡ് ജില്ലയിലെ ബാവിക്കര പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.കുഞ്ഞിരാമൻ:** | **കെ.കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ ബാവിക്കര പദ്ധതി സംബന്ധിച്ച് 07/10/2018 ൽ ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി യിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ബി) ആർ.സി.ബി. നിർമ്മാണത്തിന് തടസ്സം വരാത്ത രീതിയിൽ ഇതിനോട് ചേർന്ന് ചെറിയ പാലം നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(സി) 07/10/2018 ലെ യോഗതീരുമാന പ്രകാരം ഈ പാലത്തിന്റെ എസ്റ്റിമേറ്റ് എന്ന് സമർപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;<br><br>(ഡി) യോഗ തീരുമാന പ്രകാരം ഡി.പി.ആർ.സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;<br><br>(ഇ) പാലത്തിനുള്ള ഡി.പി.ആർ.എന്ന് സമർപ്പിക്കാനാകും എന്ന് അറിയിക്കാമോ? | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും<br><br>കാസറഗോഡ് ജില്ലയിലെ ബാവിക്കര പദ്ധതിയെ സംബന്ധിച്ച് 07/10/2018-ൽ യോഗം കൂടിയിട്ടില്ല .എന്നാൽ 07.12.2018 ൽ ജലവിഭവ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം ഇൻവെസ്റ്റിഗേഷൻ നടത്തി 2019 മാർച്ച് 15 നകം പ്രൊജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിരുന്നു. ഇപ്പോൾ ചെയ്യുന്ന പ്രവൃത്തി നേരത്തേ ചെയ്ത വർക്കിന്റെ ബാക്കി പ്രവൃത്തിയായിട്ടാണ് ഏറ്റെടു ത്തിട്ടുള്ളത്. അതുകാരണം ഇതോടൊപ്പം പാലം നിർമ്മാണം കൂടി ഉൾപ്പെടുത്താൻ സാധിക്കില്ല. എന്നാൽ ജനപ്രതിനിധികളുടെയും ജനങ്ങളുടെയും ആവശ്യം പരിഗണിച്ച് ഇപ്പോൾ പണി നടക്കുന്ന സ്ഥലത്തിന് താഴെയായി പുതിയ പാലത്തിനായുള്ള പര്യവേക്ഷണ പ്രവൃത്തി ചെയ്തു കഴിഞ്ഞു. പര്യവേഷണ റിപ്പോർട്ട് ഡിസൈനുവേണ്ടി ഐ.ഡി.ആർ.ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. രൂപകല്പന ലഭിക്കുന്ന മുറക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ് |

**സെക്ഷൻ ഓഫീസർ**